പതിമൂന്നാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 981 08.01.2014 -ൽ മറുപടിക്ക്.

## കേരള കുടിയേറ്റ തൊഴിലാളി ക്ഷേമപദ്ധതി പ്രകാരം രജിസ്റ്റർ ചെയ്ത അന്യസംസ്ഥാന തൊഴിലാളികൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. പി. കെ. ഗുരുദാസൻ | ശ്രീ. ഷിബു ബേബി ജോൺ (തൊഴിലും പുനരധിവാസവും വകുപ്പു മന്ത്രി) |

(എ) കേരള കുടിയേറ്റ തൊഴിലാളി ക്ഷേമപദ്ധതി പ്രകാരം എത്ര അന്യസംസ്ഥാന തൊഴിലാളികൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്; ജില്ല തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ; ഇനിയും രജിസ്റ്റർ ചെയ്യാൻ എത്ര തൊഴിലാളികൾ ഉണ്ടെന്ന് ഗവൺമെന്റ് കണക്കാക്കിയിട്ടുണ്ടോ; രജിസ്റ്റർ ചെയ്യുന്നതിന് തൊഴിൽ വകുപ്പ് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ;

(എ) കുടിയേറ്റ തൊഴിലാളി ക്ഷേമപദ്ധതി പ്രകാരം 35062 അന്യസംസ്ഥാന തൊഴിലാളികൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. ജില്ല തിരിച്ചുളള കണക്ക്

| | |
|---|---|
| തിരുവനന്തപുരം | 904 |
| കൊല്ലം | 617 |
| പത്തനംതിട്ട | 2205 |
| ആലപ്പുഴ | 1744 |
| കോട്ടയം | 1900 |
| ഇടുക്കി | 830 |
| എറണാകുളം | 6068 |
| തൃശ്ശൂർ | 2347 |
| പാലക്കാട് | 2535 |
| മലപ്പുറം | 1383 |
| കോഴിക്കോട് | 2721 |
| വയനാട് | 4007 |
| കണ്ണൂർ | 4717 |
| കാസർഗോഡ് | 3084 |

ഇനിയും രജിസ്റ്റർ ചെയ്യാൻ എത്ര അന്യസംസ്ഥാന തൊഴിലാളികൾ ഉണ്ടെന്നുള്ള കണക്ക് വ്യക്തമല്ല. ഗുലാത്തി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫിനാൻസ് ആന്റ് ടാക്സേഷൻ എന്ന സ്ഥാപനത്തിന്റെ പഠന റിപ്പോർട്ടിൽ ഏകദേശം 25 ലക്ഷത്തോളം അന്യസംസ്ഥാന തൊഴിലാളികൾ ഉള്ളതായി രേഖപ്പെടുത്തിയിരിക്കുന്നു. കേരളത്തിൽ വിവിധ മേഖലയിൽ പണിയെടുക്കുന്ന അന്യസംസ്ഥാന തൊഴിലാളികളെ ടി പദ്ധതിയിൻ കീഴിൽ രജിസ്റ്റർ ചെയ്യിപ്പിക്കുന്നതിനായി തൊഴിൽ വകുപ്പ് മുഖാന്തിരവും കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലേബർ & എംപ്ലോയ്മെന്റ് മുഖാന്തിരവും പദ്ധതിയുടെ സവിശേഷതകളെക്കുറിച്ച് അന്യസംസ്ഥാന തൊഴിലാളികളെ ബോധവൽക്കരിച്ച് ഈ പദ്ധതിയിൻകീഴിൽ ചേർക്കാൻ നടപടി സ്വീകരിക്കുന്നുണ്ട്. ഇതു

കൂടാതെ ബിൽഡിംഗ് ആന്റ് അദർ കൺസ്ട്രക്ഷൻ വർക്കേഴ്സ് വെൽഫെയർ ബോർഡിന്റെ എല്ലാ ജില്ലകളിലെയും ജില്ലാ എക്സിക്യൂട്ടീവ് ഓഫീസർമാർ അന്യ സംസ്ഥാന തൊഴിലാളികൾ ജോലി ചെയ്യുന്ന സ്ഥലങ്ങൾ സന്ദർശിച്ച് അന്യസംസ്ഥാന തൊഴിലാളികളെ ടി പദ്ധതിയിൻ കീഴിൽ രജിസ്റ്റർ ചെയ്തു വരുന്നു. അന്യസംസ്ഥാന തൊഴിലാളികളുടെ ക്ഷേമവും സുരക്ഷിതത്വവും ഉറപ്പുവരുത്തുന്നതിന് കേരള മൈഗ്രന്റ് വർക്കേഴ്സ് സോഷ്യൽ സെക്യൂരിറ്റി ബിൽ 2013 സർക്കാർ തയ്യാറാക്കി വരുന്നു. ടി ബില്ലിൽ അന്യ സംസ്ഥാന തൊഴിലാളികളുടെ നിർബന്ധിത രജിസ്ട്രേഷൻ ഉൾപ്പെടുത്തിയിട്ടുണ്ട്.

(ബി) കുടിയേറ്റ തൊഴിലാളികൾക്ക് എന്തെല്ലാം ആനുകൂല്യങ്ങൾ നാളിതുവരെ നൽകിയെന്ന് വ്യക്തമാക്കുമോ;

(ബി) മരണാനന്തര ധനസഹായം, അപകടമരണ ധനസഹായം, ചികിത്സാ ധനസഹായം, പ്രസവ ധനസഹായം, വിദ്യാഭ്യാസ ധനസഹായം, മരണപ്പെട്ട തൊഴിലാളികളുടെ ഭൗതികശരീരം നാട്ടിലെത്തിക്കുന്നതിനുള്ള ധനസഹായം, ആശ്വാസ ധനസഹായം.

(സി) കുടിയേറ്റ തൊഴിലാളികൾ ജോലിക്കിടെ മരണപ്പെട്ട എത്ര സംഭവങ്ങൾ സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്; എങ്കിൽ അവരുടെ കുടുംബങ്ങൾക്ക് എന്തെല്ലാം ആനുകൂല്യങ്ങൾ നൽകിയിട്ടുണ്ട്;

(സി) കുടിയേറ്റ തൊഴിലാളികൾ രജിസ്ട്രേഷൻ എടുത്തിട്ടുണ്ടെങ്കിൽ മാത്രമേ ആനകൂല്യങ്ങൾ ലഭിക്കാറുള്ളൂ. രജിസ്റ്റർ ചെയ്തതിൽ ഒരു തൊഴിലാളി ഇപ്രകാരം മരണപ്പെട്ടതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കുടിയേറ്റ തൊഴിലാളി ക്ഷേമപദ്ധതിയിൽ കണ്ണൂർ ജില്ലയിൽ അംഗമായ കർണ്ണാടക സ്വദേശി ഷിദ്ധലിങ്കേശ്വറിന്റെ ജോലിയ്ക്കിടെ സംഭവിച്ച അപകട മരണത്തിന് ടിയാന്റെ മാതാവിന് അപകട മരണ ധനസഹായമായി 50,000/- രൂപയും ഭൗതിക ശരീരം സ്വന്തം ദേശത്തേയ്ക്ക് കൊണ്ടുപോയതിന് 5,000/- രൂപയും അനുവദിച്ചിട്ടുണ്ട്. 2013-14 കാലയളവിൽ 15-ൽപ്പരം കുടിയേറ്റ തൊഴിലാളികൾ ജോലിക്കിടെ മരണപ്പെട്ടതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

| | |
|---|---|
| (ഡി) കുടിയേറ്റ തൊഴിലാളികളുടെ ക്ഷേമപ്രവർത്തനങ്ങൾക്കായി എത്ര തുക ചെലവഴിച്ചു; | (ഡി) 87,75,258/- രൂപ (എൺപത്തിയേഴ് ലക്ഷത്തി എഴുപത്തയ്യായിരത്തി ഇരുനൂറ്റി അൻപത്തിയെട്ട് രൂപ മാത്രം) |
| (ഇ) കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് അനുവദിച്ച 10 കോടി രൂപയിൽ എത്ര തുക ചെലവഴിച്ചു; | (ഇ) 1,16,43,884/ (ഒരു കോടി പതിനാറു ലക്ഷത്തി നാൽപ്പത്തി മൂവായിരത്തി എണ്ണൂറ്റി എൺപത്തി നാല് രൂപ മാത്രം) |
| (എഫ്) ഈ സർക്കാരിന്റെ കാലത്ത് ഇതിനകം എത്ര തുക ഈ പദ്ധതിക്കായി നൽകി; വിശദമാക്കുമോ? | (എഫ്) ഈ സർക്കാരിന്റെ കാലത്ത് ഈ പദ്ധതിയ്ക്കായി തുക നൽകിയിട്ടില്ല. |

സെക്ഷൻ ആഫീസർ.